# അജയ്യം അമാനുഷികം

വിശുദ്ധഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണെന്ന വസ്തുത ഖുർആനിൽ സ്പഷ്ടമായി വിശദീകരിച്ചിട്ടുണ്ട്. തദ്വിഷയകമായുള്ള മിക്ക സൂക്തങ്ങളും ഈ ഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചതാണെന്ന് പ്രഖ്യാപിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. എന്നാൽ, ഖുർആൻ തീർച്ചയായും ദൈവികഗ്രന്ഥമാണെന്ന് മനസ്സിലാക്കാനുതകുന്ന തെളിവുകൾ ഉൾക്കൊള്ളുന്ന ചില സൂക്തങ്ങളും ഉണ്ട്:

"ഈ ഖുർആൻ ഒരു മനുഷ്യകൃതിയാണെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ അതുപോലുള്ള വചനങ്ങൾ ഉണ്ടാക്കിക്കാണിക്കൂ" എന്ന് പ്രതിയോഗികളുടെ നേരെ ഖുർആൻ ഉയർത്തുന്ന വെല്ലുവിളി ഈ തെളിവുകളിൽ പ്രഥമഗണനീയമാകുന്നു. ചിലർ ഈ വെല്ലുവിളിയുടെ യഥാർഥ സ്വഭാവം മനസ്സിലാക്കാതെ, ഖുർആന്റെ ശൈലിയിലെന്നല്ല, ഒരാളുടെ ശൈലിയിലും മറ്റൊരാൾക്ക് ഗദ്യമോ പദ്യമോ നിർമിക്കാൻ സാധിക്കുകയില്ലെന്ന് പറയാറുണ്ട്. ഹോമർ, റൂമി, ഷേക്സ്പിയർ, ഗോയ്ഥെ, ഗാലിബ്, ടാഗോർ, ഇഖ്ബാൽ തുടങ്ങിയ ആരെയും അനുകരിച്ച്, അവരുടേതുപോലെയുള്ള സാഹിത്യങ്ങൾ സൃഷ്ടിക്കാൻ ആർക്കും സാധിക്കുകയില്ല. ഈയർഥത്തിൽ അവരെല്ലാവരും തുല്യതയില്ലാത്തവർതന്നെ. എന്നാൽ, 'ഖുർആനെപ്പോലുള്ള ഒരു വചനം അവർ കൊണ്ടുവരട്ടെ' എന്ന വെല്ലുവിളിയുടെ അർഥം ഖുർആന്റെ ശൈലിയിൽ അതുപോലെയുള്ള ഒരു ഗ്രന്ഥം എഴുതുകയാണെന്ന് പറയുന്നവർ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ശൈലിയിലുള്ള സാദൃശ്യം മാത്രമല്ല ഇവിടെ അർഥമാക്കുന്നത്. ഖുർആനെ ഒരമാനുഷികഗ്രന്ഥമാക്കിയ സവിശേഷതകൾ ഉൾക്കൊള്ളുന്ന, തത്ത്വത്തിലും സ്ഥാനത്തിലും അതിനോട് കിടപിടിക്കുന്ന ഒരു ഗ്രന്ഥം അറബിയിലെന്നല്ല, ലോകത്തിലെ ഏതെങ്കിലും ഭാഷയിൽ കൊണ്ടുവരൂ എന്നാണ് ആ വെല്ലുവിളിയുടെ വിവക്ഷ.

ഖുർആൻ അന്നും ഇന്നും ഒരു അമാനുഷികഗ്രന്ഥമായി നിലകൊള്ളാൻ കാരണമായ സവിശേഷതകളിൽ മുഖ്യമായ ചിലത് താഴെ പറയുന്നവയാണ്:

1. ഖുർആൻ, അതവതരിച്ച കാലഘട്ടത്തിലെ സാഹിത്യത്തിന്റെ അത്യുന്നതവും സമ്പൂർണവുമായ മാതൃകയാണ്. ഉന്നത നിലവാരം പുലർത്താത്ത ഒരു പദമോ വാചകമോ അതിലൊരിടത്തുമില്ല. ആശയപ്രകാശനത്തിന് ഏറ്റവും യോജിച്ച പദങ്ങളും വിവരണരീതിയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഒരേവിഷയം പലതവണ വിവരിച്ചിട്ടുണ്ടെങ്കിലും ഓരോ തവണയും വിവരണശൈലി നൂതനമാണ്. അതിനാൽ, ആസ്വാദനത്തിന്റെ രസച്ചരടിന് ഒരിടത്തും ഭംഗം നേരിടുന്നില്ല. തെരഞ്ഞെടുത്ത രത്നങ്ങൾ കോർത്തിണക്കിയതുപോലെയാണ് ആദ്യന്തമുള്ള പദഘടന. ഭാഷയറിയുന്ന ഏത് വ്യക്തിക്കും കേട്ടാൽ ശ്രദ്ധിക്കാതിരിക്കാൻ പറ്റാത്തവിധം തുളഞ്ഞുചെല്ലുന്നതാണ് അതിലെ വചനങ്ങൾ. നിഷേധിയുടെയും എതിരാളിയുടെയും ഹൃദയത്തിനുപോലും ഇതനുഭവപ്പെടാതിരിക്കില്ല. ആയിരത്തിനാനൂറു സംവത്സരങ്ങൾ പിന്നിട്ടിട്ടും ഈ ഗ്രന്ഥം അറബിഭാഷയുടെയും സാഹിത്യത്തിന്റെയും അത്യുദാത്തമാതൃകയായി വിരാജിക്കുന്നു. സാഹിത്യമൂല്യത്തിൽ അതിന് സമശീർഷമായതുപോകട്ടെ, സമീപസ്ഥമായ ഒരു ഗ്രന്ഥംപോലും അറബിയിലുണ്ടായിട്ടില്ല. മാത്രമല്ല, പതിനാലു നൂറ്റാണ്ടുകൾക്കു ശേഷവും അറബിഭാഷയുടെ സാഹിത്യഭംഗിക്ക് മാനദണ്ഡം ഖുർആൻ മാത്രമായി തുടരത്തക്കവിധം അറബിഭാഷയെത്തന്നെ അത് പിടിച്ചുനിർത്തിയിരിക്കുന്നു. വാസ്തവത്തിൽ ഇത്രയും കാലത്തിനിടയിൽ ഏതു ഭാഷയിലും വമ്പിച്ച പരിവർത്തനങ്ങൾ നടന്നിട്ടുണ്ടാവും. രചനാരീതി, വ്യാകരണം, പ്രയോഗങ്ങൾ എന്നിവ ഒരേവിധത്തിൽ ഇത്രയേറെക്കാലം തുടരുന്ന ഒരു ഭാഷയും ലോകത്തില്ല. ഇവ്വിധം അറബിഭാഷയെ അചഞ്ചലമാക്കിനിർത്തിയത് ഖുർആന്റെ ശക്തി മാത്രമാണ്. അതിലെ ഒരു പദവും ഇന്നേവരെ ഉപേക്ഷിക്കപ്പെട്ടിട്ടില്ല. അതിലെ ഓരോ പ്രയോഗവും അറബിഭാഷയിൽ ഇന്നുവരെയും പ്രയോഗത്തിലിരിക്കുന്നു. അതിന്റെ സാഹിത്യം ഇന്നും അറബിസാഹിത്യത്തിന്റെ മാനദണ്ഡമാണ്. പതിനാലു നൂറ്റാണ്ടുമുമ്പ് ഖുർആൻ പ്രയോഗിച്ച ഭാഷയാണ് അറബിയിൽ ഇന്നും വാമൊഴിയുടെയും വരമൊഴിയുടെയും ശുദ്ധമായ ഭാഷ. ഇത്രമേൽ മഹത്ത്വമാർന്ന ഒരു മനുഷ്യകൃതി ലോകത്ത് ഏതെങ്കിലും ഭാഷയിലുണ്ടോ?

2. മാനവസമുദായത്തിന്റെ വിചാരത്തിലും ആചാരത്തിലും സംസ്കാരത്തിലും ജീവിതശൈലിയിലും ഇത്ര ഗഹനമായും സമഗ്രമായും പ്രഭാവം ചെലുത്തിയ മറ്റൊരു ഗ്രന്ഥം കണ്ടെത്തുക സാധ്യമല്ല. അതിന്റെ സ്വാധീനം ഒരു ജനതയെയാകെ പരിവർത്തിപ്പിച്ചു. പിന്നീട് ആ ജനത ഉയിർത്തെഴുന്നേറ്റ് ലോകത്തിന്റെ ഒരു വലിയ ഭാഗത്തെ പരിവർത്തനവിധേയമാക്കി. ഇത്രമേൽ വിപ്ലവം സാധിച്ച മറ്റൊരു ഗ്രന്ഥം ലോകത്തില്ല. ഈ ഗ്രന്ഥം ഏടുകളിൽ രേഖപ്പെട്ടുകിടക്കുകയല്ല; അതിലെ ഓരോ പദവും കർമതലത്തിൽ ഒരു ചിന്ത കരുപ്പിടിപ്പിക്കുകയും സുസ്ഥിരമായ സംസ്കാരം പണിതുയർത്തുകയും ചെയ്തിട്ടുണ്ട്. പതിനാലു നൂറ്റാണ്ട് മുമ്പേ തുടങ്ങിയ അതിന്റെ സ്വാധീനം അനുദിനം വ്യാപിച്ചുകൊണ്ടേയിരിക്കുകയാണ്.

3. ലോകോൽപത്തി മുതൽ ലോകാവസാനം വരെ പ്രപഞ്ചത്തെയൊന്നാകെ ചൂഴ്ന്നുനിൽക്കുമാറ് വിശാലമാണ് ഖുർആന്റെ പ്രതിപാദ്യം. പ്രപഞ്ചത്തിന്റെ യാഥാർഥ്യം, ഉൽപത്തി, പരിണാമം, ഘടന, വ്യവസ്ഥ തുടങ്ങി എല്ലാറ്റിനെയും അത് സ്പർശിക്കുന്നു. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവും ആര്, അവന്റെ ഗുണങ്ങളെന്ത്, അധികാരങ്ങളെന്ത്, എന്തടിത്തറയിലാണ് അവൻ ഈ ലോകത്തിന്റെ വ്യവസ്ഥ കെട്ടിപ്പടുത്തത് തുടങ്ങിയ കാര്യങ്ങളെല്ലാം ഖുർആൻ വിവരിക്കുന്നു. ഈ ലോകത്ത് മനുഷ്യന്റെ സാക്ഷാൽ സ്ഥാനവും നിലപാടും നിർണയിച്ചു കാണിച്ചശേഷം, അത് അവന്നൊരിക്കലും മാറ്റാൻ സാധ്യമല്ലാത്ത പ്രകൃതിദത്തമായ സ്ഥാനമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഈ സ്ഥാനവും നിലപാടും കണക്കിലെടുത്ത്, മനുഷ്യനെ സംബന്ധിച്ചേടത്തോളം യാഥാർഥ്യവുമായി പൊരുത്തപ്പെടുന്ന ശരിയായ ചിന്താസരണിയും കർമമാർഗവുമേത്, യാഥാർഥ്യവുമായി ഏറ്റുമുട്ടുന്ന

തെറ്റായ മാർഗങ്ങളേത് എന്ന് ചൂണ്ടിക്കാട്ടുന്നു. നേർമാർഗം നേർമാർഗമാണെന്നതിനും ദുർമാർഗം ദുർമാർഗമാണെന്നതിനും ആകാശത്തിലെയും ഭൂമിയിലെയും ഓരോ വസ്തുവിൽനിന്നും പ്രപഞ്ചത്തിന്റെ ഓരോ കോണിൽനിന്നും മനുഷ്യന്റെതന്നെ ശരീരത്തിൽനിന്നും അസ്തിത്വത്തിൽനിന്നും അസംഖ്യം ദൃഷ്ടാന്തങ്ങൾ എടുത്തുകാട്ടുന്നു. അതോടൊപ്പം മനുഷ്യൻ എങ്ങനെ ദുർമാർഗങ്ങളിലേക്കു വഴുതിപ്പോവുന്നുവെന്നും എന്നെന്നും ഒന്നു മാത്രമായ നേർമാർഗം എങ്ങനെ മനുഷ്യന് അറിയാൻ കഴിയുമെന്നും ഓരോ കാലഘട്ടത്തിലും അത് എങ്ങനെ അവതരിപ്പിക്കപ്പെട്ടുവെന്നും വിവരിക്കുന്നു. നേർമാർഗം ചൂണ്ടിക്കാട്ടുക മാത്രമല്ല, അതിലൂടെ ചലിക്കാൻ ഒരു സമ്പൂർണ ജീവിതപദ്ധതിയുടെ രൂപരേഖ സമർപ്പിക്കുകകൂടി ചെയ്യുന്നു. അതിൽ വിശ്വാസം, സദാചാരം, ആത്മസംസ്കരണം, നാഗരികത, സാമ്പത്തികം, രാഷ്ട്രീയം, കോടതിനിയമം മുതലായ മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്ന നിയമങ്ങളെ സമഞ്ജസമായി കോർത്തിണക്കിയിരിക്കയാണ്. കൂടാതെ, നേർമാർഗത്തിലൂടെ ചലിച്ചാലും ദുർമാർഗത്തിലൂടെ ചലിച്ചാലും ഈ ലോകത്തും ഈ ലോകവ്യവസ്ഥയുടെ തകർച്ചയ്ക്കുശേഷം പരലോകത്തും എന്തെന്ത് ഫലങ്ങളാണുളവാകുകയെന്ന് ഖുർആൻ വിശദീകരിക്കുന്നു. ഇഹലോകാന്ത്യത്തിന്റെയും പരലോകാരംഭത്തിന്റെയും സ്വഭാവം വിശദമായി വരഞ്ഞുകാട്ടുന്നു. മാറ്റത്തിന്റെ എല്ലാ ഘട്ടങ്ങളും ഓരോന്നോരോന്നായി പ്രതിപാദിക്കുന്നു. പരലോകത്തിന്റെ പൂർണമായ ചിത്രം കൺമുമ്പാകെ അവതരിപ്പിക്കുന്നു. അവിടെ മനുഷ്യൻ എങ്ങനെ പുനരുജ്ജീവിക്കുന്നു, ഐഹികപ്രവർത്തനങ്ങളുടെ വിചാരണ എങ്ങനെ നടക്കുന്നു, എന്തെല്ലാം കാര്യങ്ങളെപ്പറ്റി ചോദ്യംചെയ്യപ്പെടുന്നു, തന്റെ പ്രവർത്തനറെക്കോർഡുകൾ അനിഷേധ്യമായ രൂപത്തിൽ എങ്ങനെ ഹാജരാക്കപ്പെടുന്നു, അവയ്ക്ക് ഉപോദ്ബലകമായി എത്ര ശക്തമായ സാക്ഷ്യങ്ങൾ ഉന്നയിക്കപ്പെടുന്നു, രക്ഷ ലഭിക്കുന്നവന് രക്ഷയും ശിക്ഷ ലഭിക്കുന്നവന് ശിക്ഷയും എന്തുകൊണ്ടു ലഭിക്കുന്നു, രക്ഷപ്രാപിക്കുന്നവർ നേടുന്ന സമ്മാനങ്ങൾ എന്ത്, ശിക്ഷയനുഭവിക്കേണ്ടവർ നേരിടുന്ന ഭവിഷ്യത്തുകൾ എന്ത് എന്നിത്യാദി കാര്യങ്ങളെല്ലാം ഖുർആൻ നിവർത്തിവയ്ക്കുന്നു. ഈ വിഷയങ്ങളെല്ലാം ഖുർആൻ വിവരിക്കുന്നത്, ചില സിദ്ധാന്തങ്ങൾ നിരത്തിവച്ച് അനുമാനം നടത്തുന്ന രീതിയിലല്ല. മറിച്ച്, ഖുർആന്റെ കർത്താവ് യാഥാർഥ്യവുമായി നേരിട്ട് ബന്ധമുള്ളവനും ആദ്യം മുതൽ അന്ത്യംവരെയുള്ള എല്ലാറ്റിനെയും കാണുന്നവനും സർവജ്ഞനുമാണ് എന്ന നിലയ്ക്കാണ്. പ്രപഞ്ചമാസകലം, നിവർത്തിവച്ച ഒരു ഗ്രന്ഥംപോലെ അവന്റെ മുമ്പാകെ തുറന്നുകിടക്കുകയാണ്. മാനവസമുദായത്തെ അതിന്റെ തുടക്കം മുതൽ ഒടുക്കംവരെ മാത്രമല്ല, ഒടുക്കം മുതൽ പുനരുജ്ജീവിതം വരെയും അവൻ കാണുന്നു. അനുമാനത്തെയോ ഊഹത്തെയോ ആസ്പദമാക്കിയല്ല, ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് അവൻ മനുഷ്യനെ മാർഗദർശനം ചെയ്യുന്നത്. അവൻ അവതരിപ്പിച്ച യാഥാർഥ്യങ്ങളിലൊന്നുപോലും അബദ്ധമെന്ന് തെളിയിക്കാൻ ഇന്നേവരെ ആർക്കും സാധിച്ചിട്ടില്ല. പ്രപഞ്ചത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും അവതരിപ്പിക്കുന്ന സങ്കൽപനം അനുഭവങ്ങളോടും സംഭവങ്ങളോടും പൂർണമായി പൊരുത്തപ്പെടുന്നതും, ഓരോ ശാസ്ത്രശാഖയെയും സംബന്ധിച്ചിടത്തോളം ഗവേഷണത്തിന് ആധാരമായിത്തീരാവുന്നതുമാണ്.അവന്റെ വചനത്തിൽ ശാസ്ത്രത്തിന്റെയും തത്ത്വശാസ്ത്രത്തിന്റെയും വിജ്ഞാനത്തിന്റെയും നാഗരികതയുടെയും അന്തിമ ചോദ്യങ്ങൾക്കുള്ള മറുപടികളുണ്ട്. അവയുടെ അടിസ്ഥാനത്തിൽ സമഗ്രവും സമ്പൂർണവുമായ ഒരു ചിന്താസരണി രൂപപ്പെടുത്തക്കവിധം അവ തമ്മിൽ യുക്തിയുക്തമായ പരസ്പരബന്ധമുണ്ട്. പ്രായോഗികജീവിതത്തിൽ, ഓരോ തുറയിലും ഖുർആൻ മനുഷ്യനു നൽകിയ മാർഗദർശനമാകട്ടെ തികച്ചും യുക്തിപൂർവവും പരിശുദ്ധവുമാണ്. മാത്രമല്ല, പതിനാലു നൂറ്റാണ്ടുകളായി ലോകത്തിന്റെ മുക്കുമൂലകളിൽ മനുഷ്യർ പ്രാവർത്തികമാക്കിയിട്ടുള്ളതും അത്യുത്തമമെന്ന് അനുഭവം തെളിയിച്ചിട്ടുള്ളതുമാണത്. ഇത്രയും ബൃഹത്തായ ഒരു മനുഷ്യകൃതി ലോകത്തുണ്ടോ? എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ?

4. ഈ ഗ്രന്ഥം പൂർണമായി ഒറ്റയടിക്ക് എഴുതി ലോകത്തിന്റെ മുമ്പാകെ സമർപ്പിച്ചതല്ല. മറിച്ച്, ചില പ്രാഥമികമായ നിർദേശങ്ങളോടെ ഒരു സംസ്കരണപ്രസ്ഥാനത്തിന് തുടക്കംകുറിക്കപ്പെട്ടു. തുടർന്നുള്ള ഇരുപത്തിമൂന്ന് വർഷങ്ങളോളം ആ പ്രസ്ഥാനം കടന്നുപോയ ഘട്ടങ്ങളുടെ ആവശ്യങ്ങൾക്കും പരിതഃസ്ഥിതികൾക്കും അനുസൃതമായി അധ്യായങ്ങൾ ദീർഘമായ പ്രഭാഷണങ്ങളായും ഹ്രസ്വമായ വചനങ്ങളായും പ്രസ്ഥാനനായകന്റെ ജിഹ്വയിലൂടെ കേൾപ്പിക്കപ്പെടുകയാണുണ്ടായത്. ഈ ദൗത്യത്തിന്റെ സമാപനത്തോടെ, പല ഘട്ടങ്ങളിലായി അവതരിപ്പിച്ച അധ്യായങ്ങൾ ഒരു സമ്പൂർണ ഗ്രന്ഥമായി സമാഹരിക്കപ്പെടുകയും അത് 'ഖുർആൻ' എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. പ്രസ്തുത പ്രഭാഷണങ്ങളും വചനങ്ങളും താൻ നിർമിച്ചതല്ലെന്നും പ്രപഞ്ചനാഥൻ അവതരിപ്പിച്ചുതന്നതാണെന്നും പ്രസ്ഥാനനായകൻ വ്യക്തമാക്കുന്നു. അവ അദ്ദേഹത്തിന്റെ പ്രതിഭയുടെ സൃഷ്ടിയാണെന്ന് ആർക്കെങ്കിലും വാദമുണ്ടെങ്കിൽ, ഒരു മനുഷ്യൻ വർഷങ്ങളോളം നിരന്തരമായി സുശക്തമായൊരു സാമൂഹികപ്രസ്ഥാനത്തിന് നേതൃത്വം നൽകുകയും അതിനിടയിൽ ചിലപ്പോൾ ഒരു ധർമോപദേശകനായും ചിലപ്പോൾ മർദിതവിഭാഗത്തിന്റെ നേതാവായും മറ്റുചിലപ്പോൾ ഒരു ജേതാവായും രാഷ്ട്രത്തലവനായും പടനായകനായും നിയമനിർമാതാവായും വിവിധ സന്ദർഭങ്ങളിലായി ചെയ്ത പ്രസംഗങ്ങളും പറഞ്ഞ വാക്കുകളും സമാഹരിച്ച്, ആദ്യന്തം സുഘടിതവും സമ്പൂർണവും സമഗ്രവും പരസ്പരവൈരുധ്യമില്ലാത്തതും ആദ്യാവസാനം ഒരേ വിഷയത്തിലൂന്നിനിൽക്കുന്നതുമായ ഒരു ചിന്താ-കർമപദ്ധതി തയാറാക്കിയതിന് ലോകചരിത്രത്തിൽനിന്ന് ഒരു ഉദാഹരണമെങ്കിലും അവർ ചൂണ്ടിക്കാണിക്കട്ടെ.

**ഖുർആന്റെ അവതരണകാലത്ത് അതെത്രത്തോളം അമാനുഷികമായി തോന്നിയിരുന്നുവോ അതിനേക്കാൾ എത്രയോ കൂടുതൽ വ്യക്തമാണ് ഇന്ന് അതിന്റെ അമാനുഷികത. ദൈവേഛയാൽ അന്ത്യനാൾവരെ പൂർവോപരി അത് വ്യക്തമായിക്കൊണ്ടിരിക്കുകതന്നെ ചെയ്യും**

5. പ്രസ്തുത പ്രഭാഷണങ്ങളും വചനങ്ങളും ഏതൊരു നേതാവിന്റെ ജിഹ്വയിലൂടെ പുറത്തുവന്നുവോ ആ നേതാവ് അവ കേൾപ്പിക്കുവാനായി പൊടുന്നനെ ഒരു മൂലയിൽനിന്ന് പ്രത്യക്ഷനാവുകയും എല്ലാം കേൾപ്പിച്ചശേഷം അപ്രത്യക്ഷനാവുകയുമല്ല ഉണ്ടായത്. തന്റെ പ്രസ്ഥാനം ആവിർഭവിക്കുന്നതിനുമുമ്പ് മനുഷ്യസമൂഹത്തിൽ അദ്ദേഹം ജീവിച്ചിരുന്നു, പ്രസ്തുത വചനങ്ങൾ കേൾപ്പിച്ച ശേഷവും അന്ത്യംവരെ ആ സമൂഹത്തിൽ അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ സംഭാഷണത്തിന്റെയും പ്രഭാഷണങ്ങളുടെയും ഭാഷയും ശൈലിയും ജനങ്ങൾക്ക് സുപരിചിതമായിരുന്നു. അവയിൽ വലിയൊരു ഭാഗം ഹദീസുകളായി ഇപ്പോഴും രേഖപ്പെട്ടുകിടപ്പുണ്ട്. അറബി ഭാഷാപണ്ഡിതന്മാർക്ക് അവ പരിശോധിച്ച് അദ്ദേഹത്തിന്റെ സ്വന്തമായുള്ള ശൈലി എന്തായിരുന്നു എന്ന് കണ്ടെത്താവുന്നതാണ്. ഖുർആന്റെ ഭാഷയും ശൈലിയും അദ്ദേഹത്തിന്റെ ഭാഷയിൽനിന്നും ശൈലിയിൽനിന്നും വള

രെയേറെ ഭിന്നമാണെന്ന് അറബിഭാഷാപരിജ്ഞാനികൾ അന്ന് മനസ്സിലാക്കി, ഇന്നും മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണമധ്യേ ആ ഗ്രന്ഥത്തിൽനിന്നുള്ള ഭാഗങ്ങൾ ഉദ്ധരിച്ചേടത്ത് പോലും രണ്ടും തമ്മിലുള്ള അന്തരം ഏറെ പ്രകടമാണ്. ലോകത്തിലെ ഏതെങ്കിലും ഒരു മനുഷ്യന് കാലാകാലങ്ങളിൽ വളരെ ഭിന്നമായ രണ്ട് ശൈലികളിൽ സംസാരിച്ചുകൊണ്ടിരിക്കാനും പരസ്പരഭിന്നമായ ആ രണ്ട് ശൈലികളും ഒരാളുടേതാണെന്ന രഹസ്യം പുറത്തുവിടാതിരിക്കാനും സാധ്യമായിട്ടുണ്ടോ? താൽക്കാലികമായോ സാന്ദർഭികമായോ ഇത്തരമൊരു കൃത്രിമം കാണിക്കാൻ കഴിഞ്ഞെന്നുവരാം. എന്നാൽ, ഇരുപത്തിമൂന്ന് വർഷക്കാലം അനുസ്യൂതമായി ഒരാൾ ദിവ്യബോധനമായി അവതരിക്കുന്ന വചനങ്ങളുടെ ശൈലി ഒരുവിധത്തിലും, സ്വന്തം സംഭാഷണത്തിന്റെയും പ്രഭാഷണങ്ങളുടെയും ശൈലി തികച്ചും ഭിന്നമായ മറ്റൊരു വിധത്തിലും ആവണമെന്ന നിഷ്കർഷ പുലർത്താൻ ഒരിക്കലും സാധ്യമല്ല.

6. ആ നേതാവിന് പ്രസ്ഥാനനായകത്വം വഹിക്കവെ വിവിധ സ്ഥിതിവിശേഷങ്ങളെ നേരിടേണ്ടിവന്നു. വർഷങ്ങളോളം നാട്ടുകാരുടെയും സ്വന്തം ഗോത്രക്കാരുടെയും പരിഹാസവും അവഹേളനവും അക്രമമർദനങ്ങളും സഹിക്കേണ്ടിവന്നു; മർദനത്തിന്റെ കാഠിന്യം കൊണ്ട് അദ്ദേഹത്തിന്റെ സഖാക്കൾ നാടുവിട്ടുപോകാൻ നിർബന്ധിതരായി; ശത്രുക്കൾ അദ്ദേഹത്തെ വധിക്കാൻ ഗൂഢാലോചന നടത്തി. അങ്ങനെ അദ്ദേഹത്തിനും നാട്ടിൽനിന്ന് പലായനം ചെയ്യേണ്ടിവന്നു; തുടർന്ന് നിരന്തരമായി യുദ്ധങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. അതിൽ വിജയവും പരാജയവും ഉണ്ടായി. ഒടുവിൽ ശത്രുക്കളെ ജയിച്ചു, തന്നെ മർദിച്ച ശത്രുക്കൾ തന്റെ മുമ്പാകെ കീഴടങ്ങി, അപൂർവം ചിലർക്ക് മാത്രം ലഭിക്കുന്ന അധികാരം അദ്ദേഹത്തിന് ലഭിച്ചു. ഇപ്പറഞ്ഞ അവസ്ഥകളിലെല്ലാം ഒരു മനുഷ്യന്റെ വികാരങ്ങൾ തുല്യമായിരിക്കില്ലെന്ന് വ്യക്തമാണല്ലോ. അതുകൊണ്ടുതന്നെ, മേൽസൂചിപ്പിച്ച സന്ദർഭങ്ങളിലെല്ലാം ആ പ്രസ്ഥാനനേതാവ് തന്റേതായി നൽകിയ പ്രസ്താവനകളിൽ മനുഷ്യസഹജമായ വികാരങ്ങൾ വ്യക്തമായി പ്രതിഫലിച്ചുകാണുന്നുണ്ട്. എന്നാൽ, ദിവ്യബോധനമെന്ന നിലയിൽ അദ്ദേഹത്തിന്റെ ജിഹ്വയിലൂടെ പുറത്തുവന്ന വചനങ്ങൾ അത്തരം മാനുഷികവികാരങ്ങളിൽനിന്ന് തികച്ചും മുക്തമാണ്. അതിലെവിടെയെങ്കിലും മാനുഷികവികാരങ്ങൾ പ്രതിഫലിച്ചിട്ടുണ്ടെന്ന് ഏറ്റവും വലിയ ഒരു വിമർശകന്നുപോലും ചൂണ്ടിക്കാട്ടുക സാധ്യമല്ല.

7. ഈ ഗ്രന്ഥത്തിൽ കാണുന്ന വിശാലവും സമഗ്രവുമായ വിജ്ഞാനങ്ങൾ അക്കാലത്തെ അറബികളോ റോമക്കാരോ ഗ്രീക്കുകാരോ ഇറാൻകാരോ ആയ പണ്ഡിതന്മാർക്ക് മാത്രമല്ല, ഇരുപതാം നൂറ്റാണ്ടിലെ മഹാപണ്ഡിതന്മാർക്കുപോലും ലഭ്യമല്ല. ഇന്ന് ശാസ്ത്രത്തിന്റെയോ തത്ത്വചിന്തയുടെയോ സാമൂഹികശാസ്ത്രത്തിന്റെയോ മണ്ഡലത്തിൽ ആയുഷ്കാലം മുഴുവൻ ഗവേഷണനിരീക്ഷണങ്ങൾ നടത്തിയ ശേഷമാണ് ചില പ്രശ്നങ്ങളുടെ അന്തിമമായ ഉത്തരം മനുഷ്യൻ കണ്ടെത്തുന്നത്. പിന്നീട്, അവൻ അഗാധദൃഷ്ടിയോടെ ഖുർആൻ പരിശോധിക്കുമ്പോൾ ആ മറുപടികൾ അതിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഇത് ശാസ്ത്രത്തിന്റെ ഏതെങ്കിലും ഒരു ശാഖയിൽ മാത്രമല്ല, പ്രപഞ്ചവുമായും മനുഷ്യനുമായും ബന്ധമുള്ള എല്ലാ ശാസ്ത്രശാഖകളിലും കാണുന്നു. പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് അറേബ്യൻമണലാരണ്യത്തിൽ ഒരു നിരക്ഷരന് വിജ്ഞാനത്തിന്റെ ഓരോ ശാഖയിലും ഇത്ര അഗാധമായ പരിജ്ഞാനമുണ്ടായിരുന്നുവെന്നും എല്ലാ അടിസ്ഥാനപ്രശ്നങ്ങളെക്കുറിച്ചും ചിന്തിച്ച് വ്യക്തവും ഖണ്ഡിതവുമായ ഒരു മറുപടി അദ്ദേഹം കണ്ടെത്തിയെന്നും എങ്ങനെ വിശ്വസിക്കാൻ കഴിയും!

ഖുർആന്റെ അമാനുഷികതയ്ക്ക് ഇനിയും കാരണങ്ങളുണ്ട്. എന്നാൽ, മേൽപ്പറഞ്ഞ കാരണങ്ങൾ പരിശോധിച്ചാൽത്തന്നെ ഒരു സംഗതി ബോധ്യമാവും; ഖുർആന്റെ അവതരണകാലത്ത് അതെത്രത്തോളം അമാനുഷികമായി തോന്നിയിരുന്നുവോ അതിനേക്കാൾ എത്രയോ കൂടുതൽ വ്യക്തമാണ് ഇന്ന് അതിന്റെ അമാനുഷികത. ദൈവേഛയാൽ അന്ത്യനാൾവരെ പൂർവോപരി അത് വ്യക്തമായിക്കൊണ്ടിരിക്കുകതന്നെ ചെയ്യും.

**സയ്യിദ് അബുൽഅഅ്ലാ മൗദൂദി**